**24.06.2011 (വെള്ളി) ഉച്ചയ്ക്ക് 3 മണിക്ക് ചേർന്ന കൗൺസിൽയോഗത്തിന്റെ നടപടിക്രമം**

**ഹാജർ നില**

| നമ്പർ | പേര് | വാർഡ് |
|---|---|---|
| 1. | കുനിക്കകത്ത് ജമീല | 1 |
| 2. | പുളിക്കലകത്ത് സുഹ്റാബി | 2 |
| 3. | ഉള്ളാടശ്ശേരി ബുഷ്റ ഷബീർ | 3 |
| 4. | ടി.വി സുലൈഖാബി | 4 |
| 5. | പാറോളി മൂസക്കുട്ടിഹാജി | 5 |
| 6. | ഗോപിനാഥൻ കോട്ടുപറമ്പിൽ | 6 |
| 7. | ശിവശങ്കരൻ തെക്കുപുരക്കൽ | 7 |
| 8. | ആലമ്പാട്ടിൽ റസാഖ് | 8 |
| 9. | തൈക്കാട്ട് അലവി | 9 |
| 10. | മുക്രി മൈമൂന | 10 |
| 11. | ചീരങ്ങൻ ഖമറുന്നീസ | 11 |
| 12. | കെ.കെ. നാസർ | 13 |
| 13. | കടക്കാടൻ ബീബിജാൻ | 14 |
| 14. | കിഴക്കേതിൽ അബു | 15 |
| 15. | എരണിയൻ രായീൻ ഹാജി | 16 |
| 16. | കെ. വി മുഹമ്മദ് | 17 |
| 17. | മുലഞ്ഞിപ്പുലാക്കൽ മൈമൂന | 18 |
| 18. | ഫസീല. പി.പി | 19 |
| 19. | പി.പി ഉമ്മർ | 20 |
| 20. | മുഹമ്മദ് കാസിം മൗലവി | 21 |
| 21. | പി.ടി. അബ്ദു | 22 |
| 22. | കരുവക്കോട്ടിൽ മുഹമ്മദ് ഷെരീഫ് | 23 |
| 23. | പുളിക്കൽ സാബിറ വാഹിദ് | 24 |
| 24. | അമരിയിൽ നൗഷാദ് ബാബു | 25 |
| 25. | തയ്യിൽ കബീർ | 26 |
| 26. | പി ഉസ്മാൻ കുട്ടി | 27 |
| 27. | ആലമ്പാട്ടിൽ റൈഹാനത്ത് | 28 |
| 28. | കെ. കമലാക്ഷി | 30 |

| | | |
|---|---|---|
| 29. | കല്ലൻകുന്നൻ സമീറ | 31 |
| 30. | ജ്യോതിഷ്മതി. എം | 32 |

ചെയർപേഴ്സൺ ശ്രീമതി. ബുഷ്റ ഷബീറിന്റെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ 3.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ സെക്രട്ടറി, മറ്റു വകുപ്പുമേധാവികൾ എന്നിവരും ഹാജരായിരുന്നു.

അജണ്ടയിലേക്ക് കടക്കുന്നതിനുമുമ്പായി നഗരസഭാ പരിധിയിൽ നിന്നും, എസ്.എസ്.എൽ.സി., പ്ലസ്ടൂ പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടിയ വിദ്യാർത്ഥികളെയും നഗരസഭയ്ക്ക് ലോഗോ തയ്യാറാക്കിയ കോട്ടക്കൽ സ്വദേശി ബിജോയിയേയും ഉപഹാരം നൽകി ആദരിച്ചു.

## അജണ്ട:

1. **എച്ച്1-1715/11**

കോട്ടക്കൽ നഗരസഭയിലെ KP XIV, 676/A നമ്പർ കെട്ടിടത്തിൽ 5HP മോട്ടോർ സ്ഥാപിച്ച് അലുമിനിയം ഫാബ്രിക്കേഷൻ വർക്ക് തുടങ്ങുന്നതിന് ശ്രീ. ഇരാണിക്കൽ യാക്കൂബിന്റെ അപേക്ഷ പരിഗണനയ്ക്ക്.

കുറിപ്പ്: 1. 100മീറ്റർ ചുറ്റളവിനുള്ളിൽ താമസിക്കുന്ന വീട്ടുകാരുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.
2. കേരള പൊല്യൂഷ്യൻ കൺട്രോൾ ബോർഡ് നൽകിയ PCB/MLPM/CO/1021/11 നമ്പർ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.
3. കെട്ടിടത്തിന്റെ പ്ലാൻ, 2010-11 വർഷത്തെ നികുതി രസീത് എന്നിവ ഹാജരാക്കിയിട്ടുണ്ട്.

## തീരുമാനം

അനുവദിച്ചു.

## അജണ്ട:

2. **ആർ3-7906/11**

കോട്ടക്കൽ നഗരസഭാ- ബസ് സ്റ്റാന്റ് നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിന്റെ അപകടാവസ്ഥയിലുള്ള GF8 FF8 OS8 മുറികൾ പൊളിച്ചു നീക്കം ചെയ്തു പകരം പുതുതായി നിർമ്മിക്കുന്ന ഷോപ്പിംങ് കോംപ്ലക്സിന്റെ തറനിലയിലുള്ള മുൻഭാഗത്തെ 7 ലൈസൻസികളിൽ നിന്നും 5,00,000/-രൂപ വീതവും തറനിലയിലുള്ള പുറകുവശത്തെ 8 ലൈസൻസികളിൽ നിന്നും 4,00,000/-രൂപ വീതവും ഒന്നാം നിലയിലെ 8 ലൈസൻസികളിൽ നിന്ന് 3,00,000/-രൂപ വീതവും നിർമ്മാണത്തിനുള്ള അഡ്വാൻസ് ഡിപ്പോസിറ്റായി സ്വീകരിക്കുന്നതിനും, 30.06.2011നകം ടി ഡെപ്പോസിറ്റ് തുകയുടെ പകുതി തുക അടവാക്കുന്നതിനും, ബാക്കി തുക 30.09.2011നകം അടവാക്കുന്നതിനും, ഒരു വർഷത്തിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള ധാരണ കൗൺസിലിന്റെ പരിഗണനയ്ക്കായി.

കുറിപ്പ്: 1) ബഹു. ചെയർപേഴ്സന്റെ ചേമ്പറിൽ വെച്ച് ലൈസൻസികളുമായി
08.06.2011ന് ചേർന്ന യോഗത്തിലാണ് ധാരണ ഉണ്ടായത്.

2) നഗരസഭയുടെ ഉടമസ്ഥതയിലുള്ള SCB 9 to, 16, US 9 TO 16,
OS 9 TO 17 എന്നീ നമ്പർ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനായി
കരാറുകാരനെ ഏൽപ്പിച്ചിരിക്കുകയും, ടി കെട്ടിടത്തിലെ ലൈസൻസികളെ 30.06.2011ന് മുൻപായി കെട്ടിടം ഒഴിവാകുന്നതിന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

3) 01.04.2011 മുതൽ ടി മുറികളുടെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്തതാണ്.

## തീരുമാനം

ഡെ. ചെയർമാൻ നിലവിലുള്ള ലൈസൻസികളുമായിട്ടുള്ള യോഗതീരുമാനങ്ങൾ വിശദീകരിക്കുകയും കെട്ടിടം പുനർനിർമ്മിക്കുന്നതിന് കണക്കാക്കിയിട്ടുള്ള തുകയേക്കാൾ കൂടുതലായി ഡെപ്പോസിറ്റ് 91 ലക്ഷം രൂപ ലഭിക്കുമെന്ന് അറിയിക്കുകയും ആയത് അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസാരിച്ചു. എന്നാൽ ഡെപ്പോസിറ്റ് തുക വളരെ കുറവാണെന്നും ആയതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് ശ്രീ. കബീർ (കൗൺസിലർ) സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്ക് ശേഷം ഷോപ്പിംഗ് കോംപ്ലക്സിന്റെ തറനിലയിലുള്ള മുൻഭാഗത്തെ 7ലൈസൻസികളിൽ നിന്നും 50,00,000/-രൂപ വീതവും തറനിലയിലുള്ള പുറകുവശത്തെ 8ലൈസൻസികളിൽ നിന്നും 4,00,000/-രൂപ വീതവും ഒന്നാം നിലയിലെ 8 ലൈസൻസികളിൽ നിന്നും 3,00,000/-രൂപ വീതവും നിർമ്മാണത്തിനുള്ള അഡ്വാൻസ് ഡെപ്പോസിറ്റായി സ്വീകിരക്കുന്നതിനും 30.06.2011നകം ടി ഡെപ്പോസിറ്റ് തുകയുടെ പകുതി തുക അടവാക്കുന്നതിനും ബാക്കി തുക 30.09.2011നകം അടവാക്കുന്നതിനും ഒരു വർഷത്തിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു. ടി തീരുമാനത്തിനെതിരെ (1) ശ്രീ. കബീർ.ടി, (2) ജ്യോതിഷ്മതി.എം., (3) ശ്രീമതി. കമലാക്ഷി.കെ.,(4) ശ്രീമതി. ഫസീല.പി.പി, (5) ശ്രീ. കെ. മുഹമ്മദ് ശരീഫ് എന്നീ കൗൺസിലർമാർ സമർപ്പിച്ച വിയോജനകുറിപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

## അജണ്ട:

**3. ആർ3-107/2009**

കോട്ടക്കൽ നഗരസഭാ പരിധിയിലെ ടാക്സികാർ, ജീപ്പ്, ഗുഡ്സ് ഓട്ടോ, മിനിലോറി, സ്വകാര്യകാർ എന്നിവയിൽ നിന്നും 2011-12 വർഷത്തെ ഫീസ് പിരിച്ചെടുക്കുന്നതിനുള്ള പുനർലേലം സംബന്ധിച്ച്.

**കുറിപ്പ്:** 1) 19.05.2011നു നടന്ന ടാക്സിസ്റ്റാന്റ് ലേലത്തിൽ N.V. ഹാരിഫ് എന്ന ലേലം കൈകൊണ്ടയാൾ 27.05.2011ലെ കത്തുപ്രകാരം ലേലത്തുക തിരിച്ചുനൽകുവാൻ ആവശ്യപ്പെട്ടത് 02.06.2011ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അനുവദിക്കുകയും 19.05.2011ലെ ടാക്സി സ്റ്റാന്റ് ലേലം റദ്ദു ചെയ്യുവാനും തീരുമാനിച്ചിരുന്നു.

2) പുനർലേലം 21.06.2011ന് C.H. ഓഡിറ്റോറിയത്തിൽ വച്ചു നടത്തുന്നതാണ്.

## തീരുമാനം

21.06.2011ന് നടന്ന പുനർ ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിച്ച ശ്രീ. എൻ.വി. ഫാരിഫുമായി നെഗോഷിയേറ്റ് ചെയ്ത് ലേലം ഉറപ്പിച്ച് കൊടുക്കുന്നതിന് ചെയർപേഴ്സൺ, ഡെ.ചെയർപേഴ്സൺ, സെക്രട്ടറി, എന്നിവരെ ചുമതലപ്പെടുത്തി.

## അജണ്ട:

4. **PW1-7855/11**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷനിയമം-2008 കോട്ടക്കൽ നഗരസഭയുടെ AFO തയ്യാറാക്കിയ നെൽവയലുകളുടെ ഡാറ്റാ ബാങ്ക് അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനയ്ക്ക്.

## തീരുമാനം

ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിലേക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

## അജണ്ട:

5. **R4-4508/11**

വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് 3 തിയേറ്ററുകൾക്ക് അനുവദിച്ചിരുന്ന കാലാവധി 30.06.2011ന് അവസാനിക്കുകയാണ്. 01.07.2011 മുതൽ 3 മാസത്തെയ്ക്ക് കൂടി നികുതി കോമ്പൗണ്ട് ചെയ്ത് അനുവദിക്കുന്നതിന് ലീന, താര, സംഗീത എന്നീ തിയേറ്ററുകളുടെ മാനേജർമാർ സമർപ്പിച്ച അപേക്ഷ പരിഗണനയ്ക്ക്.

**കുറിപ്പ്:** സർക്കാർ ഉത്തരവ് പ്രകാരം തിയേറ്ററുകളുടെ നികുതി കോമ്പൗണ്ടിംഗ് ഫീ 3 മാസത്തിൽ കൂടുതൽ സമയം അനുവദിക്കുവാൻ പാടില്ല

## തീരുമാനം

നിലവിലുള്ള നിരക്കിൽ തന്നെ 3 മാസത്തേക്കു കൂടി കോമ്പൗണ്ട് ചെയ്യുന്നതിന് തീരുമാനിച്ചു.

## അജണ്ട:

6. **G1-8644/11**

നിലവിൽ ഒഴിവുള്ള ലൈബ്രെറി തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് താത്പര്യമുണ്ടെന്ന് അറിയിച്ചുകൊണ്ടുള്ള സെമീർ അലി.വി. എന്നവരുടെ അപേക്ഷ പ്രകാരം ബഹു. ചെയർപേഴ്സന്റെ നിർദ്ദേശ പ്രകാരം നിയോഗിച്ച നടപടി കൗൺസിൽ അംഗീകാരത്തിന്.

## തീരുമാനം

ലൈബ്രേറിയേൻ തസ്തികയിൽ സ്ഥിരം നിയമനം വരുന്നത് വരെ നടത്തിയ താൽക്കാലിക നിയമനം അംഗീകരിച്ചു. ലൈബ്രേറിയൻ അവധി

എടുക്കുമ്പോൾ ലൈബ്രറിയുടെ പ്രവർത്തനത്തിനു തടസ്സം വരാതിരിക്കുന്നതിന് താത്കാലികമായി നിയമനം നടത്തുന്നതിന് ചേർപേഴ്സനെ ചുമതലപ്പെടുത്തി.

**<u>അജണ്ട:</u>**

7 2011 മെയ് മാസത്തെ വരവ്-ചെലവ് കണക്ക്

<u>തീരുമാനം</u>

2011 മെയ് മാസത്തെ 3044810/-രൂപയുടെ വരവും 3950434/-രൂപയുടെ ചെലവും അംഗീകരിച്ചു.

**<u>അജണ്ട:</u>**

8 സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ പരിഗണിക്കൽ.

<u>തീരുമാനം</u>

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ (പൊതുമരാമത്ത് കാര്യം ഒഴികെ) മിനുട്സ് വായിച്ചു അംഗീകരിച്ചു.

**<u>അജണ്ട:</u>**

9 ടൗണിലെ വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നത് സംബന്ധിച്ച്.

<u>തീരുമാനം</u>

പറപ്പൂർ ജംഗ്ഷൻ മുതൽ മുനിസിപ്പൽ ജംഗ്ഷൻ വരെയുള്ള ഭാഗത്തും സ്മാർട്ട് സിറ്റി റോഡ് ഉൾപ്പെടെയുള്ള ടൗണിന്റെ മറ്റു പ്രദേശത്തും പാർക്കിംഗ് നിരോധിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർക്കുന്നതിന് ചെയർപേഴ്സനെ ചുമതലപ്പെടുത്തി.

**<u>അജണ്ട:</u>**

11. 2010-11 സാമ്പത്തിക വർഷത്തെ AFS അംഗീകരിക്കൽ

<u>തീരുമാനം</u>

2010-11 വർഷത്തെ AFS അംഗീകരിച്ചു. LFAയ്ക്കും, DDP/RJDUഅയ്ക്കും അയച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു.

**യോഗം കൃത്യം 5.30 അവസാനിച്ചു.**

**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**